**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3628** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ അധികജീവനക്കാരെ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് അധികജീവനക്കാരെ ഒഴിവാക്കുന്ന കാര്യം കെ.എസ്. ആർ.ടി.സി. യുടെ പരിഗണനയിൽ ഉണ്ടെങ്കിൽ ഇതിനായി ഏതെല്ലാം മാർഗങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ടു കൂടിയാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26,000ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1500/- രൂപ ഇടക്കാലാ ശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3,300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമെ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. കോർപ്പറേഷന്റെ 404മത് ബോർഡ് ഓഫ് ഡയറക്ടർ യോഗ തീരുമാനപ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20,468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവസേവനത്തിലുള്ള 7,500 ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ട് പോകുവാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം തരണംചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചു വരുന്നു. |
| (ബി) | ജീവനക്കാരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഒഴിവാക്കാനാവശ്യപ്പെടുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | വരുമാനത്തിൽ നിന്നും ശമ്പളവും പെൻഷനും അനുവദിക്കുന്നതിനുള്ള തുക കണ്ടെത്താൻ കഴിയാത്തതിനാലും ശമ്പളം അനുവദിക്കുന്നതിനുള്ള തുക സർക്കാരിൽ നിന്നും പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിലാണ് layoff അടക്കമുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |
| (സി) | ഒഴിവാക്കാനോ പുനർവിന്യസിക്കാനോ കഴിയുന്നില്ലെങ്കിൽ സർക്കാർ ആലോചിക്കുന്ന മറ്റു മാർഗങ്ങൾ വ്യക്തമാക്കാമോ? | (സി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ